# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.4759

18/12/2014 ൽ
മറുപടിയ്ക്ക്

**വളപട്ടണം ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിന് ഗ്രൗണ്ട് നിർമ്മിക്കുന്നതിനായി നടപടി**

| ചോദ്യം<br>ശ്രീ.കെ.എം.ഷാജി | | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | കോഴിക്കോട് ജില്ലാ കളക്ടറുടെ അധീനതയിലുള്ള കണ്ണൂർ ജില്ലയിലെ വളപട്ടണം വില്ലേജിൽ റീ.സ.33/1 ൽപ്പെട്ട 1.51 ഏക്കർ സ്ഥലം വളപട്ടണം ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിന് ഗ്രൗണ്ട് നിർമ്മിക്കുന്നതിനായി വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറൽ വ്യവസ്ഥ പ്രകാരം വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് 17.07.2014 ന് 277/കെ. എം./14 നമ്പറായി ബഹു. റവന്യൂ മന്ത്രി, കോഴിക്കോട് ജില്ലാകളക്ടർ, കണ്ണൂർ ജില്ല കളക്ടർ എന്നിവർക്ക് എം.എൽ.എ. നൽകിയ കത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ; | എ) | 17/7/14 ന് സർക്കാരിൽ ലഭിച്ച അപേക്ഷ റിപ്പോർട്ടിനായി കോഴിക്കോട്, കണ്ണൂർ ജില്ലാ കളക്ടർമാർക്ക് അയച്ചു കൊടുത്തിട്ടുണ്ട്. കോഴിക്കോട് ജില്ലാ കളക്ടർക്ക് ലഭിച്ച അപേക്ഷ ഭൂമി കൈമാറ്റ ശുപാർശ സമർപ്പിക്കുന്നതിലേക്കായി തലശ്ശേരി ആർ.ഡി.ഒയ്ക്ക് അയച്ചിട്ടുണ്ട്. കണ്ണൂർ ജില്ലാ കളക്ടർക്ക് ലഭിച്ച അപേക്ഷയിൽ, പ്രസ്തുത ഭൂമി സംബന്ധിച്ച രേഖകൾ കോഴിക്കോട് കളക്ടറേറ്റിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത ഭൂമി സംബന്ധിച്ച് രേഖകളൊന്നും വളപട്ടണം വില്ലേജിൽ ലഭ്യമല്ലെന്ന് വില്ലേജ് ഓഫീസർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; | ബി) | കണ്ണൂർ ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുണ്ട്. |
| സി) | കോഴിക്കോട് ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ പ്രസ്തുത ഭൂമി സംബന്ധിച്ച രേഖകൾ ലഭ്യമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഭൂമി കൈമാറി ശുപാർശ തയ്യാറാക്കുന്നതിനായി പ്രസ്തുത | സി) | പരിശോധിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള രേഖകൾ ലഭ്യമാക്കുന്നതിനായി തലശ്ശേരി സബ് കളക്ടർ നടപടി കൈക്കൊണ്ട് വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | രേഖകൾ വളപട്ടണം വില്ലേജ് ഓഫീസർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| ഡി) | കാലതാമസം ഒഴിവാക്കി പ്രസ്തുത ഭൂമി വളപട്ടണം ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിന് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ; | ഡി) & ഇ) | ഭൂമി കൈമാറ്റ ശുപാർശ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| ഇ) | പ്രസ്തുത ഭൂമി കൈമാറി നടപടിക്രമങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ